പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2823    17.10.2016 - ൽ മറുപടിയ്ക്ക്

## അവയവദാനം നടത്തുന്നവർക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് :<br>ശ്രീ.ജോൺ ഫെർണാണ്ടസ് :<br>ശ്രീ. കാരാട്ട് റസാഖ് :<br>ശ്രീ.എ. പ്രദീപ് കുമാർ : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് അവയവ ദാനത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനും, അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടി 2012 ൽ കേരള സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ കേരളാ നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ്/ മൃതസഞ്ജീവനി പദ്ധതിക്ക രൂപം കൊടുത്തു. ഇതിന്റെ സംസ്ഥാനതല ഓഫീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു. ഭരണ നിർവ്വഹണം സുഗമമാക്കുവാൻ സംസ്ഥാനത്തെ മൂന്നു സോണുകളായി തരം തിരിക്കുകയും കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സോണൽ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതികളായ മൃതസഞ്ജീവനിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം ബോധവത്കരണ ക്ലാസ്സുകളും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കാറുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങൾ വഴി വിവിധ സാംസ്കാരിക മേളകളിൽ വച്ച് അവയവദാന സമ്മതപത്ര ശേഖരണവും നടത്തിവരുന്നു. പ്രശസ്ത മലയാളം ചലച്ചിത്ര താരം പത്മശ്രീ. മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയുടെ ഗുഡ്വിൽ അംബാസിഡർ ആയി നിയമിച്ചിട്ടുണ്ട്. മസ്തിഷ്കമരണാനന്തരം അവയവദാനം നൽകിയിട്ടുള്ള-വരുടെ കുടുംബസംഗമം വർഷംതോറും നടത്തിവരുന്നു. കൂടാതെ മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫ് അംഗങ്ങൾക്ക് ട്രെയിനിംങ് പരിപാടികളും നടത്തിവരുന്നു. |

| | |
|---|---|
| (ബി) വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾ ദാനം ചെയ്തവർ വിവിധ രോഗങ്ങൾക്കുള്ള ചികിൽസയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ട് അനുഭവിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) എങ്കിൽ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകുന്നതിനും, ഒരു സമാശ്വാസമെന്ന നിലയിൽ ധനസഹായം നൽകുന്നതിനുമുള്ള നടപടി സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ